"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിൽ പട്ടം സെന്റ് മേരീസ് എച്ച്.എസ്.-ലെ ഹിന്ദി അധ്യാപകനായ ശ്രീ. പൊന്നച്ചൻ സി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 5237/2024 മേലുള്ള 14/02/2024-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4490/2024/GEDN തീയതി,തിരുവനന്തപുരം, 19-07-2024

---

പരാമർശം:-

1. ശ്രീ. പൊന്നച്ചൻ സി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 5237/2024 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 14/02/2024-ലെ വിധിന്യായം.
2. ശ്രീ. പൊന്നച്ചൻ സി.സമർപ്പിച്ച 02.01.2024 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-5)
3. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/05/2024-ലെ DEOTVM/436/2024-B3 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/06/2024-ലെ ഡിജിഇ/4360/2024-ഇറ്റി4 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ പട്ടം സെന്റ് മേരീസ് എച്ച്.എസ്.-ലെ ഹിന്ദി അധ്യാപകനായ ശ്രീ. പൊന്നച്ചൻ സി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 5237/2024 മേലുള്ള 14/02/2024-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരനേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 06/06/2024-ന് കേൾക്കുകയുണ്ടായി.

**2.ഹിയറിംഗ് വേളയിലെ ഹർജിക്കാരന്റെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.**

"പത്തനംതിട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഭരണപരിധിയിൽപ്പെട്ട കോട്ടമൺപാറ യു.പി സ്കൂളിൽ എൽ.ജി (ഹിന്ദി) (പാർട്ട് ടൈം) തസ്തികയിൽ അംഗീകാരത്തോടെ ജോലി ചെയ്തു വരവെ 43 അവകാശി ക്ലൂടിയായ എന്നെ തിരുവനന്തപുരം എം.എസ്.സി സ്കൂൾ പട്ടം എഡ്യൂക്കേഷണൽ ഏജൻസിയുടെ ഉടമസ്ഥതയിലും തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഭരണപരിധിയിലും ഉൾപ്പെടുന്ന പട്ടം സെന്റ് മേരീസ് ഹൈസ്കൂളിലെ 2010-11 -ലെ പ്രതീക്ഷിത അധിക ഡിവിഷൻ ഒഴിവിൽ എൽ.ജി ഹിന്ദി (ഫുൾ ടൈം) തസ്തികയിൽ 01/06/2010 മുതൽ മാനേജ്മെന്റ് നിയമിക്കുകയുണ്ടായി. എന്നാൽ ടി നിയമനത്തിന് വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിഷേധിക്കുകയുണ്ടായി. സർക്കാർ പുതിയ തസ്തികയിന്മേൽ ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിക്കപ്പെടുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ 2006-07,

2010-11 കാലയളവിൽ പുതിയതായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ മാനേജ്മെന്റ് നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കപ്പെടണമെങ്കിൽ തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ 2010-നുശേഷം ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ നിയമിക്കാമെന്ന സമ്മതപത്രം 50 രൂപയുടെ മുദ്രപത്രത്തിൽ മാനേജർ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത വ്യവസ്ഥ പട്ടം എം.എസ്.സി സ്കൂൾ എഡ്യൂക്കേഷണൽ ഏജൻസി പാലിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് നിയമാനുസൃതമായി അംഗീകരിക്കപ്പെടേണ്ട എന്റെ 01/06/2010 മുതലുള്ള എൽ.ജി ഹിന്ദി (ഫുൾ ടൈം) തസ്തികയിലെ നിയമനം അംഗീകരിക്കാതെ സർവ്വീസ് തുടർന്നു വരവേ അധ്യാപക പാക്കേജ് എന്ന് പരക്കെ അറിയപ്പെടുന്ന 01/10/2011-ലെ ജി.ഒ.(പി)നം.199/2011/പൊ.വി.വ എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതിനെ തുടർന്ന് 2006-07 മുതൽ 2010-11 വരെയുള്ള കാലയളവിൽ നിയമനാംഗീകാരം തടസ്സപ്പെട്ടിരുന്ന എല്ലാവിധ നിയമനങ്ങൾക്കും 01/06/2011 മുതൽ സമയപരിധി കൂടാതെ 17/12/2011-ലെ ബി3/12324/2011 ഉത്തരവിൽ കൂടി 01/06/2010 മുതലുള്ള എൽ.ജി ഹിന്ദി തസ്തികയിലെ നിയമനത്തിന് 01/06/2011 മുതൽ സമയപരിധി കൂടാതെ അംഗീകരിച്ച് ഉത്തരവു നൽകുകയുണ്ടായി. 03/12/2016-ൽ കെ.ഇ.ആർ ഭേദഗതിയിലും തുടർന്ന് 08/03/2019-ൽ പ്രസ്തുത നിയമ ഭേദഗതിക്ക് സ്പഷ്ടീകരണവും സർക്കാർ നൽകുകയുണ്ടായി. ഇവയിലെല്ലാം നിയമന അംഗീകാരത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് 29/01/2016 മുതലുള്ള പുതിയ തസ്തികയിലെ നിയമനത്തിനും 22/05/1979 -ന് ശേഷം സ്ഥാപിതമായ പുതിയ സ്കൂളുകളിലേയും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ നിയമനങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി. ഈ കാരണത്താലാകും 29/01/2016-ലെ സ.ഉ.(പി)നം.29/2016/പൊ.വി.വ പ്രകാരം 2011-2012 മുതൽ 2015-2016 വരെയുള്ള കാലയളവിലെ പുതിയ തസ്തികയിലെ നിയമനങ്ങൾക്ക് എല്ലാ സാമ്പത്തിക ആനുകൂല്യത്തോട് അംഗീകാരം നൽകാൻ ഉത്തരവുണ്ടായത്. അതിലുപരി 06/02/2021-ലെ സ.ഉ.(പി)നം. 04/2021 പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ പുതിയ തസ്തികകളിലെ നിയമനങ്ങൾക്കും നോഷണലായി അംഗീകാരം നൽകാൻ ഉത്തരവുണ്ടായെങ്കിലും, 2006-07 മുതൽ 31/05/2011 വരെ നിയമിക്കപ്പെട്ടവരുടെ വിഷയത്തിൽ നാളിതുവരെ ഒരു പൊതു നിർദ്ദേശവും സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകാത്ത സാഹചര്യത്തിലാണ് നീതി തേടി ബഹു. കോടതിയെ സമീപിക്കുവാൻ ഞാൻ നിർബന്ധിതനായത്.

സമാനമായ സാഹചര്യം അഭിമുഖീകരിച്ചിരുന്ന കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ അധീനതയിൽ പ്രവർത്തിക്കുന്ന കാളിയാർ എസ്.എം.എച്ച്.എസ്.എസ്.-ലെ ശ്രീ. നോബിൻ ജോർജ്ജ്, ജീസ് എം.അലക്സ് എന്നീ അധ്യാപകർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.5192/2018-ന്മേൽ ബഹു. കോടതി പുറപ്പെടുവിച്ച 08/03/2018-ലെ വിധിന്യായത്തിലൂടെ ഒരു കാര്യം വ്യക്തമാക്കപ്പെടുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിൽ നടത്തപ്പെടുന്ന വ്യവസ്ഥാപിത ഒഴിവിലെ നിയമനങ്ങൾക്ക് മാനേജ്മെന്റ് ബോണ്ട് സമർപ്പിക്കാൻ വിസമ്മതിച്ചതിന്റെ ഒറ്റ കാരണത്താൽ നിയമനാംഗീകാരം നിഷേധിക്കുന്നത് സാമാന്യ നീതിയുടെ നിഷേധമാകയാൽ ബോണ്ട് വെച്ചതായി കണക്കാക്കി (Deemed Provision) ആ വിധം തടസ്സപ്പെട്ട നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. സർക്കാർ ഈ നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു.

കൂടാതെ ഇതേ മാനേജ്മെന്റിന്റെ കീഴിലുള്ള അരുവിയോട് സെന്റ് റീത്താസ് യു.പി സ്കൂളിലെ സംസ്കൃത അധ്യാപകനായ ശ്രീ. രഞ്ചൻ ജോർജ്ജ് 2008-09 വർഷത്തെ പ്രതീക്ഷിത തസ്തികയിൽ നിയമിതനായ ശ്രീ. രഞ്ചൻ ജോർജ്ജ് തന്റെ 11/06/2008 മുതലുള്ള നിയമനത്തിന് അംഗീകാരം തേടി റിട്ട് ഹർജി നം.(സി)27764/2023-മേലുള്ള 24/08/2023-ലെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ)നം.7969/2023/പൊ.വി.വ തീയതി 14/12/2023 -ൽ പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം ടി പെറ്റീഷണറുടെ 11/06/2008 മുതലുള്ള നിയമനത്തിന് നിയമന തീയതി മുതൽ തന്നെ അംഗീകാരം നൽകുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ടി ഹർജിക്കാരന്റെ നിയമനത്തിന് നിയമിക്കപ്പെട്ട തീയതി മുതൽ തന്നെ അംഗീകാരിച്ച് ഉത്തരവു നൽകാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകപ്പെട്ട പശ്ചാത്തലത്തിൽ അതുപ്പോലെ തന്നെ 01/06/2010 മുതൽ 2010-11 വർഷത്തെ പ്രതീക്ഷിത ഒഴിവിൽ സേവനമനുഷ്ഠിച്ച എന്റെ 01/06/2010 മുതൽ 31/05/2011 വരെ എൽ.ജി ഹിന്ദി (ഫുൾ ടൈം) തസ്തികയിലെ പട്ടം സെന്റ് മേരീസ് എച്ച്.എസ്-ലെ നിയമനത്തിന് അംഗീകാരം ലഭിക്കുവാൻ വേണ്ടുന്ന നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നൽകുന്നതിനുള്ള സന്മനസ്സുണ്ടാകണമെന്ന് വളരെ വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു."

**3.ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.**

"MSC കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കോട്ടമൺപാറ യു.പി സ്കൂളിൽ പി.ടി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി സെലിൻ തോമസിന്റെ സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീ. പൊന്നച്ചനെ 02/06/2003 മുതൽ പാർട്ട്ടൈം ഹിന്ദി അധ്യാപകനായി നിയമിച്ചത്. ടിയാന്റെ പി.ടി ഹിന്ദി നിയമനം അംഗീകരിച്ച് ഉത്തരവായിരുന്നു. തുടർന്ന്, 01/06/2010 മുതൽ 43 അവകാശിയായ ശ്രീ. പൊന്നച്ചനെ എൽ.ജി. ഫുൾ ടൈം ഹിന്ദി തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ്.-ൽ നിയമിച്ചു. 2010-11 വർഷത്തെ അധിക തസ്തികയിലായിരുന്നു നിയമനം.

തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി 3/12324/11 തീയതി 17/12/2011 പ്രകാരം ശ്രീ. പൊന്നച്ചന്റെ എൽ.ജി (എഫ്.ടി) ഹിന്ദി അധ്യാപകനിയമനം 01/06/2011 മുതൽ പ്രാബല്യത്തിൽ അംഗീകരിച്ചിരുന്നു. എന്നാൽ ഫുൾ ടൈം ഹിന്ദി അധ്യാപക തസ്തികയിൽ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ചിരുന്നില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, നിയമനം നടത്തുന്നതിനും വിലക്ക് ഏർപ്പെടുത്തിയിരുന്നതിനാലാണ് 2010-11 വർഷത്തെ നിയമനം അംഗീകരിക്കാതിരുന്നത്.

തുടർന്ന് സ.ഉ നം. 10/10/പൊ.വി.വ തീയതി 12/01/2010 പ്രകാരം സർക്കാർ/എയ്ഡഡ് മേഖലയിൽ ഏർപ്പെടുത്തിയിരുന്ന നിയമനനിരോധനം പിൻവലിച്ചു. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ സമർപ്പിച്ചിരുന്ന ഹർജികൾ തീർപ്പാക്കാതിരുന്നതിനാൽ 2010-11 വർഷം നിയമിക്കപ്പെട്ടിരുന്ന അധ്യാപക തസ്തികകളിലെ നിയമനാംഗീകാരം പലകാരണങ്ങളാൽ സമയബന്ധിതമായി തീർപ്പാക്കിയിരുന്നില്ല.

കെ.ഇ.ആർ അധ്യായം 14 അനുബന്ധ ചട്ടങ്ങൾ പ്രകാരം, 43 അവകാശികൾക്ക് റഗുലർ/അധിക തസ്തികകളിൽ സ്ഥാനക്കയറ്റം നൽകാവുന്നതും, അപ്രാകാരമുള്ള നിയമനങ്ങൾ

അംഗീകരിക്കപ്പെടേണ്ടതുമാണ്.

ശ്രീ. പൊന്നച്ചന്റെ പാർട്ട് ടൈം ഹിന്ദി അധ്യാപക തസ്തികയിലെ നിയമനം 02/06/2003 മുതൽ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിനാലും, ടിയാൻ 43 അവകാശിയായതിനാലും ചട്ടപ്രകാരം റഗുലർ സ്ഥാനക്കയറ്റത്തിന് അർഹതയും അവകാശവുമുണ്ട്. ചട്ടപ്രകാരം ലഭിക്കേണ്ട സ്ഥാനക്കയറ്റ നിയമനാംഗീകാരം യഥാസമയം ലഭിക്കാത്തതിനാലാണ് ശ്രീ. പൊന്നച്ചൻ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചത്.

സമാന സ്വഭാവമുള്ള നിരവധി അപേക്ഷകളിൽ സർക്കാരിൽ നിന്നും അനുകൂല ഉത്തരവുകൾ ലഭിച്ചിട്ടുണ്ട്. ഈ മാനേജ്മെന്റിൽ സേവനമനുഷ്ഠിക്കുന്നവരായ പല അധ്യാപകർക്കും ഇതിനോടകം 2010-11 വർഷത്തെ അധിക തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ, പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ സേവനമനുഷ്ഠിക്കുന്ന (എച്ച്.എസ്.ടി) ശ്രീ. പൊന്നച്ചന്റെ 01/06/2010 മുതൽ 31/05/2011 വരെയുള്ള എൽ.ജി ഫുൾ ടൈം ഹിന്ദി അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും അനുമതി നൽകി ഈ വിഷയത്തിൽ തീർപ്പുകൽപ്പിക്കണമെന്ന് അപേക്ഷിക്കുന്നു."

**4.വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.**

"പട്ടം എം.എസ്.സി സ്കൂൾസ് മാനേജ്മെന്റിനു കീഴിൽ വരുന്ന കക്കാട് സെയിന്റ് തോമസ് യു.പി.എസ് -ൽ 02/06/2003 മുതൽ റഗുലർ പാർട്ട് ടൈം എൽ.ജി അധ്യാപകനായി തുടർന്ന് വന്നിരുന്ന ശ്രീ. പൊന്നച്ചൻ 15/07/2009 മുതൽ പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ആനുകൂല്യം വാങ്ങി വരവെയാണ് 01/06/2010 മുതൽ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ൽ 2010-11 -ലെ അധിക എൽ.ജി (ഹിന്ദി) തസ്തികയിൽ, എൽ.ജി (ഹിന്ദി) അധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാന് 05/06/2006 മുതൽ 14/07/2008 വരെ ഫുൾ ടൈം എൽ.ജി ഹിന്ദി തസ്തികയിൽ നിയമനാംഗീകാരം ഉണ്ട്. ആയതിനാൽ ടിയാൻ 51 എ അവകാശികൂടിയാണ്. 17/08/2005-ലെ ജി.ഒ.(പി)നം.317/2005-ലെ നിർദ്ദേശങ്ങൾ നിലനിന്നിരുന്നതിനാൽ 01/06/2010 മുതലുള്ള സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭിച്ചിരുന്നില്ല. 10/01/2010-ലെ ജി.ഒ.(പി)നം.10/2010/പൊ.വി.വ പ്രകാരം 2006-07 മുതൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് തത്തുല്യം എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാം എന്ന ബോണ്ട് മാനേജർ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത കാലയളവിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇപ്രകാരമുള്ള ബോണ്ട് പട്ടം എം.എസ്.സി സ്കൂൾസ് മാനേജ്മെന്റ് നൽകിയിരുന്നില്ല.

തുടർന്ന് 01/06/2011 -ലെ ജി.ഒ.(പി)നം.199/2011/പൊ.വി.വ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/11/2011 തീയതിയിലെ എച്ച് 2/35920/2011 നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതലാണ് ശ്രീ. പൊന്നച്ചൻ സി.-ക്ക് ഫുൾ ടൈം എൽ.ജി ഹിന്ദി തസ്തികയിൽ നിയമനംഗീകാരം നൽകിയത്. അധ്യാപക പാക്കേജിൽ ഉൾപ്പെട്ട് നിയമനാംഗീകാരം ലഭിച്ചവരുടെ മുൻകാല

സേവനകാലയളവ് സംബന്ധിച്ച് കെ.ഇ.ആർ ഭേദഗതി വരുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ് എന്ന് നിർദ്ദേശം അന്ന് ഉണ്ടായിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

2010-11 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ന് രണ്ട് അധിക തസ്തികകൾ ഉൾപ്പെടെ 8 എൽ.ജി ഹിന്ദി തസ്തികകൾ അനുവദിച്ചിരുന്നു. ശ്രീ. പൊന്നച്ചൻ.സി ഉൾപ്പടെ 7 അധ്യാപകർ 2010-11 വർഷം ടി തസ്തികകളിൽ ജോലി ചെയ്തിരുന്നു. ആയതിനാൽ 01/06/2010 മുതൽ 31/05/2011 വരെ ശ്രീ. പൊന്നച്ചൻ.സി സ്ഥാപിത ഒഴിവിലാണ് ജോലി ചെയ്തിട്ടുള്ളത് എന്ന വിവരം അറിയിച്ചുകൊള്ളുന്നു."

**5.മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.** പട്ടം സെന്റ് മേരീസ് ഹൈസ്കൂളിൽ ഹിന്ദി അധ്യാപകനായ ശ്രീ. പൊന്നച്ചൻ.സി-യുടെ 01/06/2010 മുതൽ 31/05/2011 വരെയുള്ള എൽ.ജി ഹിന്ദി (ഫുൾ ടൈം) തസ്തികയിലെ നിയമനം അംഗീകരിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്നതാണ് ഹർജിക്കാരന്റെ അവശ്യം.

6.പട്ടം എം.എസ്.സി സ്കൂൾസ് മാനേജ്മെന്റിനു കീഴിൽ വരുന്ന കക്കാട് സെയിന്റ് തോമസ് യു.പി.എസ് -ൽ 02/06/2003 മുതൽ റഗുലർ പാർട്ട് ടൈം എൽ.ജി അധ്യാപകനായി തുടർന്ന് വന്നിരുന്ന ശ്രീ. പൊന്നച്ചൻ 15/07/2009 മുതൽ പാർട്ട് ടൈം തസ്തികയിൽ ഫുൾ ടൈം ആനുകൂല്യം വാങ്ങി വരവെ ടിയാനെ 01/06/2010 മുതൽ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ൽ 2010-11 -ലെ അധിക എൽ.ജി (ഹിന്ദി) തസ്തികയിൽ എൽ.ജി (ഹിന്ദി) അധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാന് 05/06/2006 മുതൽ 14/07/2008 വരെ ഫുൾ ടൈം എൽ.ജി ഹിന്ദി തസ്തികയിൽ നിയമനാംഗീകാരം ഉണ്ട്. ആയതിനാൽ ടിയാൻ 51 എ അവകാശിയാണ്. 17/08/2005 -ലെ ജി.ഒ.(പി)നം.317/2005-ലെ നിർദ്ദേശങ്ങൾ നിലനിന്നിരുന്നതിനാൽ 01/06/2010 മുതലുള്ള സ്ഥാനക്കയറ്റ നിയമനത്തിന് അംഗീകാരം ലഭിച്ചിരുന്നില്ല. 10/01/2010 -ലെ ജി.ഒ.(പി)നം.10/2010/പൊ.വി.വ പ്രകാരം 2006-07 മുതൽ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് തത്തുല്യം എണ്ണം സംരക്ഷിത അധ്യാപകരെ നിയമിക്കാം എന്ന ബോണ്ട് മാനേജർ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത കാലയളവിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ഇപ്രകാരമുള്ള ബോണ്ട് പട്ടം എം.എസ്.സി സ്കൂൾസ് മാനേജ്മെന്റ് നൽകിയിരുന്നില്ല.

7.തുടർന്ന് 01/06/2011 -ലെ ജി.ഒ.(പി)നം.199/2011/പൊ.വി.വ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29/11/2011 നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതലാണ് ശ്രീ. പൊന്നച്ചൻ.സി -ക്ക് ഫുൾ ടൈം എൽ.ജി ഹിന്ദി തസ്തികയിൽ നിയമനാംഗീകാരം നൽകിയത്.

8.2010-11 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ന് രണ്ട് അധിക തസ്തികകൾ ഉൾപ്പെടെ 8 എൽ.ജി ഹിന്ദി തസ്തികകൾ അനുവദിച്ചിരുന്നു. ശ്രീ. പൊന്നച്ചൻ.സി ഉൾപ്പടെ 7 അധ്യാപകർ 2010-11 വർഷം ടി തസ്തികകളിൽ ജോലി ചെയ്തിരുന്നു. ആയതിനാൽ 01/06/2010 മുതൽ 31/05/2011 വരെ ശ്രീ. പൊന്നച്ചൻ.സി -യ്ക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാണ്.

9.ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസ് -ലെ ഹിന്ദി അധ്യാപകനായ ശ്രീ. പൊന്നച്ചൻ.സി -യുടെ 01/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം 10/01/2010 -ലെ സ.ഉ (പി) നം. 10/2010/പൊ.വി.വ പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചതായി കണക്കാക്കി മറ്റ് വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച നൽകുന്നതിന് തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

10.മേൽ പ്രകാരം എക്സിബിറ്റ് പി-5 റിവിഷൻ ഹർജി തീർപ്പാക്കി ബഹു:ഹൈക്കോടതിയുടെ റിട്ട് ഹർജി 5237/2024-ന്മേലുള്ള 14/02/2024-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീ.പൊന്നച്ചൻ സി., എച്ച്.എസ്.റ്റി. (ഹിന്ദി), സെന്റ് മേരീസ് ഹൈസ്കൂൾ, പട്ടം, തിരുവനന്തപുരം-695 004.
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, എം.എസ്.സി. സ്കൂൾസ്, പട്ടം, തിരുവനന്തപുരം-695 004.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം-695 001.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ. (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/36/2024/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 19-07-2024 11:32:23
സെക്ഷൻ ഓഫീസർ